LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിൽ കഴിയുന്ന വിദേശികൾ

17 (*587) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിക്ഷാകാലാവധി പൂർത്തിയായി മോചനം കാത്ത് ജയിലുകളിൽ കഴിയുന്ന വിദേശികളെ സ്വന്തം നാടുകളിലേക്ക് തിരിച്ചയയ്ക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) യാത്രാരേഖകളില്ലെന്നപേരിൽ മോചനം തടസ്സപ്പെട്ടവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇത്തരക്കാരെ എത്രയുംവേഗം സ്വന്തം നാടുകളിലേക്ക് തിരിച്ചയയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശിക്ഷാകാലാവധി പൂർത്തിയായ വിദേശ തടവുകാരുടെ വിവരങ്ങൾ മുൻകൂട്ടി ജില്ലാ പോലീസ് മേധാവി/പോലീസ് കമ്മീഷണറേയും, കേസ്സുമായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും അറിയിച്ചശേഷം ജയിൽ മോചിതരാകുന്ന വിദേശ തടവുകാരുടെ ഡിപ്പോർട്ടേഷന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശ തടവുകാരുടെ എമിഗ്രേഷൻ രേഖകൾ തയ്യാറാക്കുന്നതിലേയും വിമാന യാത്രാ സൗകര്യം ലഭ്യമാക്കുന്നതിലേയും താമസം മൂലമാണ് പലപ്പോഴും ഒരു മാസമോ അതിലധികമോ സമയം ഇതിനായി ആവശ്യമായി വരുന്നത്.

(ബി) കേരളത്തിലെ ജയിലുകളിൽ ഇപ്പോൾ നിലവിലുള്ള വിദേശികളുടെ ഡിപ്പോർട്ടേഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ജയിലിൽ തന്നെയാണ് അവർ കഴിയുന്നത്. ജയിൽ മോചിതരായ വിദേശ പൗരന്മാരെ ഡിപ്പോർട്ടേഷൻ നടപടികൾ പൂർത്തിയാകുന്നതുവരെ പാർപ്പിക്കാൻ വിയ്യൂർ സെൻട്രൽ ജയിലിനോടനുബന്ധിച്ച് ഒരു ഡിറ്റൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ബന്ധപ്പെട്ട എംബസികൾ മുഖേന ഇത്തരക്കാരെ സ്വന്തം നാടുകളിലേക്ക് തിരിച്ചയയ്ക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

ടെക്നോളജി ഡെവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം

18 (*588) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടെക്നോളജി ഡെവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകളിലുള്ളവരാണ് പ്രസ്തുത പ്രോഗ്രാമുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ടെക്നോളജി ഡെവലപ്മെന്റ് ആന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം (TDAP) 2012-13-ൽ ആരംഭിച്ച് നടപ്പിലാക്കിവരുന്നു.

(ബി) നൂതനവും ജനോപകാരപ്രദവുമായ സാങ്കേതിക വിദ്യകൾ/ ഉൽപ്പന്നങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും നിലവിലുള്ള സാങ്കേതിക വിദ്യകളുടെ ന്യൂനതകൾ പരിഹരിച്ച് അവയുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിന് സാങ്കേതിക പിന്തുണയും സാമ്പത്തിക സഹായവും നൽകുക എന്നീ ലക്ഷ്യത്തോടെയാണ് റ്റി.ഡി.എ.പി. നടപ്പിലാക്കിവരുന്നത്.

(സി) മേൽ വിഷയങ്ങളിൽ സാങ്കേതിക സഹായം തേടിവരുന്ന ഗുണഭോക്താവിന് അയാൾക്ക് അനുയോജ്യമായ സാങ്കേതിക സഹായം നൽകുന്നതിന് ഉതകുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണ സ്ഥാപനങ്ങൾ/എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയെ കണ്ടെത്തി അത്തരം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്.

(ഡി) എഞ്ചിനീയറിംഗിൽ ബിരുദം/ഡിപ്ലോമയും, നൂതന ആശയങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന വ്യക്തികൾക്കും സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ/ഗവേഷകർ എന്നിവർക്കും ഈ പ്രോഗ്രാമിൽ അപേക്ഷിക്കാം. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാം ഉപയോഗപ്പെടുത്തി സാങ്കേതിക വിദ്യ വികസിപ്പിക്കാവുന്നതാണ്.

നൂതനമായ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് അപേക്ഷകന് സാങ്കേതിക പിന്തുണ നൽകുന്നതോടൊപ്പം, ഓരോ പ്രോജക്ടിനും പരമാവധി 10,00,000 രൂപ (പത്തു ലക്ഷം രൂപ) സാമ്പത്തിക സഹായവും അനുവദിക്കുന്നതാണ്. ഓരോ പ്രോജക്ടും രണ്ട് വർഷം കാലയളവിൽ പൂർത്തീകരിക്കേണ്ടതുമാണ്.

പ്രസ്തുത സ്കീമിലേക്ക് വരുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് എഞ്ചിനീയറിംഗ്/മറ്റ് ശാസ്ത്ര മേഖലയിലുള്ള വിദഗ്ദ്ധർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അപേക്ഷകൾ വിലയിരുത്തുകയും സാങ്കേതിക മേന്മയുള്ള പദ്ധതികൾ അനുവദിക്കുകയും ചെയ്യും. ഇതേ കമ്മിറ്റി തന്നെ കാലാകാലങ്ങളിലുള്ള പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly